**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

അമ്പലവയൽ, വയനാട് – 673 593

കേരള കാർഷിക സർവകലാശാല

**മൊബൈൽ:** 9188224421, **ഫോൺ:** 04936 260421/260561

ഇ മെയിൽ: rarsamb


നമ്പർ. ഇ 4310/2022(12) തീയതി. 25.10.2022

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2023 ജനുവരി 1 മുതൽ 15 വരെ നടത്തുന്ന പുഷ്പ ഫല പ്രദർശന മേള പൂപ്പൊലി 2023 യുടെ ആവശ്യത്തിന് സ്റ്റാൾ പന്തൽ എന്നിവ ഇട്ടു തരുന്നതിന് അംഗികൃത സ്ഥാപന ങ്ങളിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ചുവടെ പേര് കൊടുത്ത സംവിധാനങ്ങൾ ഒരു ദിവസത്തേയ്ക്ക് ഒരുക്കി നൽകുന്നതിനുള്ള തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്.

.

### കവറിന് പുറത്ത് എഴുതേണ്ടത്: സ്റ്റേജ്/സ്റ്റാൾ എന്നിവ ഇട്ടു തരുന്നതിനുള്ള ടെൻഡർ

1) ജർമൻ സ്ട്രക്ച്ചർ കോൺഫ്രൻസ് ഹാൾ;(പ്ളാറ്റ് ഫോമിൽ നിർമ്മിക്കുന്നത് )

   വലിപ്പം: ഉദ്ദേശം 500 പേർക്ക് ഇരിക്കുവാനുള്ള സൗകര്യം ഉള്ളത്. ഈ ഹാളിൽ 10 പേർക്ക് എങ്കിലും ഇരിക്കുവാൻ ഉള്ള സ്റ്റേജ് ഉണ്ടായിരിക്കണം മതിയായ വൈദ്യുതി പോയിന്റുകളും , ഫാൻ എന്നീ സൗകര്യങ്ങളും ഉണ്ടായിരിക്കണം കൂടാതെ ഹാളിൽ ഫ്ളാറ്റ് ഫോം , ആവശ്യമായ കസേര , കാർപ്പറ്റ് എന്നിവയും സജ്ജീകരിക്കണം .

   ഹാളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങളും പി ഡബ്ളിയു ഡി /പഞ്ചായത്ത് മുതലായ സ്ഥാപനങ്ങളിൽ നിന്നും അനുമതി ആവശ്യമെങ്കിൽ ആയതും കരാറുകാരൻ സ്വന്തം ഉത്തര വാദിത്തത്തിൽ ഏർപ്പെടുത്തേണ്ടതാണ് ഇത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ പൂപ്പൊലി തുടങ്ങുന്നതിന് 2 ദിവസം മുൻപ് എങ്കിലും ബന്ധപ്പെട്ട കമ്മിറ്റിയെ കാണിച്ച് ബോധ്യപ്പെടു ത്തേണ്ടതാണ്

   ജനുവരി 1 മുതൽ ആണ് പരിപാടി തുടങ്ങുന്നത് എങ്കിലും 30.12.2022 ന് ഉച്ചയ്ക്ക് 1 മണിക്ക് മുൻപായി നിർമ്മാണം പൂർത്തിയാക്കി കൈമാറേണ്ടതാണ് കൂടാതെ ഇത് നിർമ്മിക്കു മ്പോളും തിരിച്ച് കൊണ്ടുപോകുന്ന അവസരങ്ങളിലും സ്ഥാപനത്തിലെ ഇതര വസ്തു വക കൾക്ക് യാതൊരു വിധ കേടുപാടുകളും വരുത്തുവാൻ പാടുള്ളതല്ല അഥവാ കേടുപാടു കൾ വരുത്തുന്ന പക്ഷം ഇതിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും

   മേൽ സംവിധാനങ്ങൾ എല്ലാം കൂടി പ്ളാറ്റ്ഫോമിൽ ഒരുക്കി തരുന്നതിന് ഒരു സ്ക്വയർ മീറ്റ റിന് ഒരു ദിവസത്തിന് വേണ്ടിവരുന്ന തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്

2) ജർമൻ സ്ട്രക്ച്ചർ സ്റ്റാളുകൾ –100 എണ്ണം 10 ft X 10 ft (പ്ലാറ്റ് ഫോം)

**നിബന്ധനകൾ**

1) ഗവൺമെന്റ് അംഗീകൃത കോൺട്രാക്ട് ലൈസൻസ് ഉള്ളവർ ആയിരിക്കണം കരാറുകാ രൻ (സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്)
2) ആവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്
3) ഇത്തരം പ്രവർത്തികൾ നടത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്
4) നിശ്ചയിച്ചതിലും കൂടുതൽ ദിവസം ഫ്ളവർ ഷോ നീണ്ടുപോകുകയാണെങ്കിൽ അത്രയും ദിവസം ഈ ഹാൾ നിലനിർത്തി തരേണ്ടതാണ്

| | | |
|---|---|---|
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | 15.11.2022, 2. പി എം |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : | 15.11.2022, 2.30 പി എം. |
| ടെൻഡർ പ്രാബല്യത്തിരിരിക്കുന്ന കാലയളവ് | : | 31.3.23 വരെ |
| **നിരതദ്രവ്യം** | : | 12,200 /**-രൂപ** (പന്ത്രണ്ടായിരത്തി ഇരുനൂറ് **രൂപ**) |
| **ടെൻഡർ വില** | : | 1900 /**- രൂപ (18% GST പുറമേ)** |
| **സെക്യൂരിറ്റി ഡെപ്പോസിറ്റ്** | : | 50000/**- രൂപ(അൻപതിനായിരം രൂപ)** |
| ടെൻഡർ അയയ്ക്കേ വിലാസം | : | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട് |

**നിബന്ധനകൾ:**

ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും, സെക്യൂരിറ്റി ഡെപ്പോസിറ്റിനും അംഗീകൃത ബാങ്കുകളുടെ ഡിമാൻഡ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാകണം അയയ്ക്കേത്. **ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം**. കെ.എ.യു. വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ സ്റ്റാമ്പ് പേപ്പർ എഗ്രിമെന്റ് ( 200 രൂപ) സഹിതം നിശ്ചിത സമയത്ത് നൽകേണ്ടതാണ്. ടെണ്ടർ വില ക്യാഷ് ആയി ഓഫീസ് കൗണ്ടറിൽ അടയ്ക്കാവുന്നതാണ്.

എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്ന തിനോ ഈ ഓഫീസ് മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസൽ നിന്നുള്ള ഓർഡർ / നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി സ്റ്റേജും, ഹാളും നിർമ്മിച്ചു തരുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും . അല്ലാത്ത പക്ഷം തക്കതായ നടപടികൾ സ്വീകരി ക്കുന്നതാണ്. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്. നികുതി കൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ടെൻഡർ കാല യളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീ സിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

പകർപ്പ് :നോട്ടീസ് ബോർഡ്
വിതരണത്തിന്: /വില്ലേജ് ഓഫീസ് /കൃഷിഭവൻ/കെ.വി.കെ,/പഞ്ചായത്ത്/കെ.എ.യു. വെബ് സൈറ്റ്